"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എടവണ്ണ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.എം.എ ഹുസൈനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1059/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/05/2021

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 03/08/2013 ലെ ഇ10 (എസ്.സി.11/2013/എം.പി.എം) 6007/2013 നമ്പർ റിപ്പോർട്ട്.

2 വിജിലൻസ് (ഡി) വകുപ്പിന്റെ 26/09/2013 ലെ 10273/ഡി3/2013/വിജി നമ്പർ കത്ത്.

3 സർക്കാരിന്റെ 19/12/2013 ലെ 62472/ഇപിബി3/13/തസ്വഭവ നമ്പർ കുറ്റപത്രം.

4 ശ്രീ.എം.എ ഹുസൈൻ സമർപ്പിച്ച പ്രതിവാദ പത്രിക.

5 പഞ്ചായത്ത് ഡയറക്ടറുടെ 24/07/2015 ലെ ഡി4-43499/13 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിൽനിന്നും മണൽ പാസ് അനുവദിക്കുന്നതിൽ ക്രമക്കേടുകൾ ഉണ്ടെന്ന ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ എടവണ്ണ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എടവണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.എം.എ ഹുസൈനെതിരെ പരാമർശം (3) പ്രകാരം ലഘുശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു. ആയതിനു ടിയാൻ ലഭ്യമാക്കിയ പരാമർശം (4) പ്രകാരമുള്ള എതിർവാദപത്രികയിന്മേൽ പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന പ്രധാനപ്പെട്ട വീഴ്ചകൾ ചുവടെ കുറിക്കുന്നു. കടവ് രജിസ്റ്ററിൽ മണൽ കയറ്റുന്നതിനുള്ള വാഹനത്തിന്റെ വിവരങ്ങളും സമയവും രേഖപെടുത്തി മാത്രമേ കടവിലേയ്ക്ക് കടത്തി വിടാവൂ എന്നിരിക്കെ യാതൊരു രേഖപെടുത്തലുകളും ഇല്ലാതെ രണ്ട് വാഹനങ്ങളെ കടവുകളിലേക്ക് കയറ്റിയതായി വിജിലൻസ് പരിശോധനാ സമയത്ത് കണ്ടെത്തിയത് കടവ് വാച്ചർ അനധികൃത മണൽ കടത്തിന് ഒത്താശ ചെയ്യുന്നതിനാണെന്ന് സംശയിക്കുന്നു. ശ്രീ.ബേബി സെബാസ്റ്റ്യൻ എന്ന PWD കോൺട്രാക്ടർ 170 ടൺ മണലിന് അപേക്ഷിക്കുകയും ആയത് എൻജിനീയർ സാക്ഷ്യപ്പെടുത്തി നൽകുകയും എന്നാൽ സെക്രട്ടറി 200 ടൺ മണൽ പാസാക്കി നൽകിയതായും കാണുന്നു. ടിയാൻ അപ്രകാരം 30 ടൺ മണൽ അധികം അനുവദിച്ചതായി കാണുന്നു. വിജിലൻസ് പരിശോധനയിൽ കൃത്യമായ മേൽനോട്ടമോ സൂക്ഷമതയോ ഇല്ലാതെ മണൽ അനുവദിക്കുന്നു

എന്നതാണ് സെക്രട്ടറിക്കെതിരെയുള്ള ആരോപണങ്ങൾ.

കുറ്റാരോപണങ്ങൾക്ക് സെക്രട്ടറി നൽകിയ എതിർവാദപത്രികയിൽ കടവിൽ നിർത്തിയിട്ട വാഹനങ്ങൾ അനധികൃതമായി മണൽ കടത്തിക്കൊണ്ട് പോയിട്ടില്ലെന്നും ഇക്കാര്യത്തിൽ വാച്ച്മാനെ താക്കീത് ചെയ്തിട്ടുണ്ടെന്നും മണൽ നൽകിയിരുന്നത് റേഷനിംഗ് രീതി അവലംബിച്ചുകൊണ്ടായിരുന്നുവെന്നും പെർമിറ്റ് പ്രകാരം അനുവദിക്കാവുന്ന മണലിന്റെ ക്വാട്ട നിശ്ചയിച്ച് നൽകുകയാണ് ചെയ്തതെന്നും 170 ടൺ മണൽ ആവശ്യമുള്ളയിടത്ത് 200 ടൺ അനുവദിച്ച് നൽകിയത് ക്ലറിക്കൽ തെറ്റാണെന്നും മണൽ പാസ് അനുവദിക്കുന്നതിന് പെർമിറ്റ് നിർബന്ധമാക്കുന്നത് സംബന്ധിച്ചും ഉദ്യോഗസ്ഥർ അനാവശ്യ രേഖകൾ ആവശ്യപ്പെട്ട് സേവനം വൈകിപ്പിക്കുന്നത് സംബന്ധിച്ചും ഭരണസമിതിയിലും ജനങ്ങൾക്കിടയിലും അതൃപ്തി ഉണ്ടായത് കാരണമാണ് മണൽ പാസ് അപേക്ഷകളിൽ കടുംപിടിത്തം പിടിക്കാതിരുന്നതെന്നുമാണ് ടിയാന്റെ വാദങ്ങൾ.

ഇത് സംബന്ധിച്ച് പഞ്ചായത്തിൽ അന്വേഷണം നടത്തിയതിൽ മണൽ പാസ് അപേക്ഷ രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായിട്ടുള്ളതെന്നും ആയത് പരിശോധിച്ചതിൽ ക്രമനമ്പർ 1385-ൽ ശ്രീ. തമ്പി സെബാസ്റ്റ്യന് 190 ടൺ മണലിന് അപേക്ഷ സമർപ്പിച്ചതിൽ 250 ടൺ അനുവദിച്ചതായും ക്രമനമ്പർ 1386-ൽ ടിയാന് തന്നെ 170 ടൺ അപേക്ഷിച്ചതിൽ 200 ടൺ മണൽ അനുവദിച്ചതായും കാണുന്നുണ്ട് എന്നും എന്നാൽ മണൽ പാസ് അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ എത്ര ടണ്ണിനാണ് അപേക്ഷയിൽ പരാമർശിച്ചതെന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ലായെന്നും കൂടാതെ മണൽ പാസ് അപേക്ഷ രജിസ്റ്റർ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി കൃത്യമായി സൂക്ഷിച്ചുപോരുന്നില്ല എന്നും മണൽ പാസ് അനുവദിക്കുന്നത് ഏത് കടവിലേക്കാണെന്ന് രജിസ്റ്ററിൽ രേഖപെടുത്താത്തതിനാൽ എത്ര ടൺ മണൽ നൽകിയെന്ന് ഇപ്പോൾ കണ്ടെത്താൻ സാധിക്കാത്ത സാഹചര്യമാണ് ഉള്ളതെന്നും ആയതിനാൽ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട് എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

മണൽ പാസ് അനുവദിക്കുന്നതിന് പെർമിറ്റ് നിർബന്ധമാക്കുന്നതും ഉദ്യോഗസ്ഥർ അനാവശ്യ രേഖകൾ ചോദിച്ച് സേവനം വൈകിപ്പിക്കുന്നത് സംബന്ധിച്ചും ഭരണസമിതിക്കിടയിലും, പൊതുജനങ്ങൾക്കിടയിലും അതൃപ്തിയുള്ളതിനാലാണ് മണൽ പാസ് അപേക്ഷകളിൽ പെർമിറ്റ് നിർബന്ധമാക്കിയതെന്ന കുറ്റാരോപിതന്റെ വാദം അംഗീകരിക്കാൻ കഴിയുന്നതല്ല എന്നും മണൽ പാസ് ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന് വേണ്ടിയാണ് മണൽ പാസ് അനുവദിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് കൂടി ഹാജരാക്കണമെന്ന് വ്യവസ്ഥ വെച്ചിരുന്നത് എന്നും എന്നാൽ ഭരണസമിതിയ്ക്കും ജനങ്ങൾക്കും എതിർപ്പുണ്ടെന്ന് കരുതി ആയത് പാലിക്കാതിരുന്നാൽ ക്രമക്കേടുകൾക്ക് വഴിയൊരുക്കുമെന്ന് സെക്രട്ടറി മനസിലാക്കേണ്ടതായിരുന്നു എന്നും എന്നിരുന്നാലും ഇക്കാര്യത്തിൽ അസിസ്റ്റന്റ് എൻജിനീയർ 110 ടൺ മണൽ അനുവദിക്കാവുന്നതാണെന്ന സാക്ഷ്യപത്രം നൽകിയത് പ്രകാരമാണ് മണൽ പാസ് അനുവദിച്ചതെന്ന വസ്തുത പരിഗണിക്കേണ്ടതാണ് എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ കടവ് രജിസ്റ്ററുകളിൽ വാഹനങ്ങളുടെ വിവരങ്ങളും സമയവും രേഖപെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി കടവ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

എന്നും, മാത്രമല്ല വിജിലൻസ് പരിശോധനാ സമയത്ത് കടവിൽ നിർത്തിയിട്ടുള്ള വാഹനങ്ങളെ സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപെടുത്തിയിട്ടുണ്ടോയെന്ന് ഇപ്പോൾ പരിശോധിക്കാൻ സാധിക്കുകയില്ലെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ.എം.എ ഹൂസൈൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ.എം.എ ഹൂസൈന്റെ ഭാഗത്ത് നിന്നും മണൽ പാസ് അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിലും മണൽ പാസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ എടവണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.എം.എ ഹൂസൈനെതിരായ അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെൻറ് ഒരു വർഷത്തേക്ക് സഞ്ചിത ഫലത്തോടെ അല്ലാതെ തടഞ്ഞു അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. എം.എ ഹൂസൈൻ, മുൻ സെക്രട്ടറി, എടവണ്ണ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ്
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/385/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ